# കേരളസർവകലാശാല

നം.പി.ആർ.199 (a)/2023 തിരുവനന്തപുരം, തീയതി: 29/09/2023

## പത്രക്കുറിപ്പ്

## കേരളസർവകലാശാലയുടെ നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് 2023 സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം

കേരളത്തിൽ ആദ്യമായി നാലു വർഷ ബിരുദ പ്രോഗ്രാം കേരള സർവകലാശാലയിൽ ആരംഭിക്കുകയാണ്. സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിലെ സെന്റർ ഫോർ അണ്ടർ ഗ്രാജ്വേറ്റ് സ്റ്റഡീസ് ആയിരിക്കും ഈ പ്രോഗ്രാമുകൾ നടത്തുക. കാര്യവട്ടം ക്യാമ്പസിലുള്ള ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം അക്കാദമിക് കമ്മിറ്റിക്കാണ് ഇവയുടെ അക്കാദമിക ഏകോപന ചുമതല. മൂന്നാമത്തെ വർഷം പൂർത്തിയാക്കുന്നവർക്ക് ആവശ്യമെങ്കിൽ ബിരുദം നേടി പുറത്തു പോകാം. ഒരു നിശ്ചിത മാർക്കിന് മുകളിൽ മൂന്ന് വർഷത്തിൽ നേടിയവർക്ക് ഗവേഷണാധിഷ്ഠിത ഓണേഴ്സ് ബിരുദം നേടത്തക്ക തരത്തിൽ നാലാം വർഷ പഠനം തുടരാം. ഗവേഷണ രംഗത്ത് കൂടുതൽ സാധ്യതകൾ ഈ പഠനം മൂലം ലഭിക്കും. ജോലി സാധ്യതകളും വർദ്ധിക്കും. ഈ അക്കാദമിക വർഷം ആ ബി.എ. ഓണേഴ്സ് (പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്/ഇക്കണോമിക്സ്/ഹിസ്റ്ററി) വിത്ത് റിസർച്ച് എന്ന പ്രോഗ്രാം ആണ് ആരംഭിക്കുന്നത്. ഫൌണ്ടേഷൻ കോഴ്സുകൾ, മേജർ, മൈനർ, റിസർച്ച് എന്നീ നാലു പ്രധാന ഘടകങ്ങളാണ് ഈ പ്രോഗ്രാമിന്റെ ഉള്ളടക്കം. രണ്ടാം വർഷാവസാനം വിദ്യാർത്ഥികൾക്ക് പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, ഇക്കണോമിക്സ്, ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒരെണ്ണം മേജർ ആയും ഒരെണ്ണം മൈനർ ആയും തെരെഞ്ഞെടുക്കാം. ഈ അധ്യയന വർഷം ഹയർ സെക്കന്ററി പരീക്ഷക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും പ്രവേശനം. അടുത്ത അധ്യയന വർഷം മുതൽ പൊതു പ്രവേശന പരീക്ഷ നടത്തും. ലോകത്തിലെ മികച്ച സർവകലാശാലകളിൽ നടത്തപ്പെടുന്ന ഇത്തരം പ്രോഗ്രാമുകൾക്ക് സമാനമായി നമ്മുടെ സംസ്ഥാനത്തിനു അനുയോജ്യമാകുന്ന തരത്തിൽ സയൻസ്, ആർട്സ്, ഹ്യുമാനിറ്റീസ് വിഷയങ്ങളിൽ കൂടുതൽ പ്രോഗ്രാമുകൾ അടുത്ത അധ്യയന വർഷം സെന്റർ ഫോർ അണ്ടർ ഗ്രാജ്വേറ്റ് സ്റ്റഡീസിൽ ആരംഭിക്കും. ഈ വർഷത്തെ പ്രോഗ്രാമിന് അപേക്ഷിക്കേണ്ട അവസാന തീയതി 2023 സെപ്റ്റംബർ 30 ആണ്. കൂടുതൽ വിവരങ്ങൾക്കായി www.keralauniversity.ac.in സന്ദർശിക്കുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**